കൃഷി അസി. ഡയറക്ടറുടെ കാര്യാലയം
സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രം
കുന്നന്നൂർ, പാലക്കാട്

തിയതി.29/1/2015

കെ.എൻ.ആർ. 28/2014–15

## പുനർ ദർഘാസ് പരസ്യം

പാലക്കാട് ജില്ലയിൽ ചന്ദ്രനഗറിൽ പ്രവർത്തിക്കുന്ന സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രത്തിലേക്ക് 13000 എണ്ണം പ്രിൻറ് ചെയ്ത ഗ്രോ ബാഗ് (24cm X 24cmX 40 cm) ഓഫിസിൽ നിന്നുള്ള നിർദ്ദേശാനുസരണം സമയത്തും വിധത്തിലും ഫാമിനുള്ളിൽ ലഭ്യമാക്കി തരുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും നിശ്ചിത ദർഘാസ് ഫോറത്തിൽ താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ടെൻഡറുകൾ ടി ഫാം ഓഫീസർ ക്ഷണിച്ചുകൊള്ളുന്നു.

നിബന്ധനകൾ

1. ദർഘാസ് ഫോറങ്ങൾ പ്രവർത്തി ദിവസം രാവിലെ 10 മണിമുതൽ 2015– ഫെബ്രുവരി 28 തിയ്യതി 1 മണി വരെ ഫോറത്തിന്റെ വിലയും നികുതിയും ഓഫീസിൽ അടച്ച് വാങ്ങേണ്ടതാണ്. ആയതിന്റെ വില യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

2. ടെൻഡറിൽ പങ്കെടുക്കുന്ന കക്ഷികൾ 2000/– രൂപ നിരതദ്രവ്യം തുക ഓഫീസിൽ കെട്ടി വെയക്കേണ്ടതാണ്. ടെൻഡർ ഫോറത്തിന്റെ എല്ലാ പേജുകളിലും ടെൻഡറുകാരൻ ഒപ്പിടേണ്ടതും കൂടാതെ ടെൻഡർ കൊണ്ടയാൾ ടെൻഡർ ഫോറത്തിന്റെ 6–ാം പേജിലുള്ള പ്രാഥമിക കരാർ 100 രൂപയ്ക്കുള്ള സർക്കാർ മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ടു സമർപ്പിക്കേണ്ടതുമാണ്.

3. പുരിപ്പിച്ച് ടെൻഡറുകൾ 28/2/2015 2 മണിക്കുള്ളിൽ കൃഷി അസി. ഡയറക്ടർ, സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രം കുന്നന്നൂർ എന്ന വിലാസത്തിൽ മുദ്രവെച്ച കവറിനുള്ളിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിനുമുകളിൽ ഗ്രോബാഗ്–2014–15 എന്ന വ്യക്തമായി എഴുതിയിരിക്കണം.

4. ദർഘാസ് ഫോറത്തിന്റെ നിർദ്ദിഷ്ട സ്ഥാനത്ത് പ്രിന്റ് ചെയ്ത ഒരു ഗ്രോബാഗിന്റെ വില അടക്കം 13000 ഗ്രോബാഗിന്റെ മൊത്ത വില പ്രത്യേകമായി അക്കത്തിലും അക്ഷരത്തിലും വ്യക്തമായി എഴുതിയിരിക്കണം.

5. മേൽപ്പറഞ്ഞ ദിവസം ഉച്ചക്ക് 3 മണിക്ക് അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ തുറക്കുന്നതും,ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തയാൾക്ക് താത്ക്കാലികമായി ടെൻഡർ ഉറപ്പിക്കുന്നതുമായിരിക്കും.

6. താത്കാലികമായി ഉറപ്പിക്കുന്ന ദർഘാസുകൾ ബന്ധപ്പെട്ട മേലധികാരികളുടെ അനുമതിയ്ക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതും ഇത് സംബന്ധിച്ച് മേലാധികാരികളുടെ തീരുമാനം അന്തിമവുമായിരിക്കും.

7. ദർഘാസ് ഉറപ്പിച്ചു കിട്ടുന്ന വ്യക്തി ബന്ധപ്പെട്ട വിവരം ലഭിച്ചാലുടൻ തന്നെ മൊത്തം തുകയുടെ 5% സെക്യൂരിറ്റിയായി ടി ഫാം ഓഫീസറുടെ പേർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പാലക്കാട്.ബ്രാഞ്ചിൽ മാറാൻ പറ്റുന്ന ഡി.ഡി യായി സമർപ്പിക്കേണ്ടതാണ്. കൂടാതെ 100 രൂപ മുദ്ര പത്രത്തിൽ 13000 പ്രിന്റ് ചെയത് ഗ്രോബാഗ് ഓഫീസ് നിർദ്ദേശാനുസരണം 7 ദിവസത്തിനുള്ളിൽ ലഭ്യമാക്കി കൊള്ളാമെന്നുള്ള നിർദ്ദിഷ്ട കരാർ എഴുതി ഒപ്പിട്ടു നൽകേണ്ടതാണ്.

8. ദർഘാസ് ഉറപ്പിച്ചു കിട്ടുന്ന വ്യക്തി 2014-15 സാമ്പത്തിക വർഷാവസാനം വരെ ഫാം ഓഫീസർ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം, ടെണ്ടർ ഉറപ്പിച്ചു കിട്ടുന്ന നിരക്കിന് തന്നെ കൂടുതലായി ഗ്രോബാഗ് നൽകുവാൻ ബാദ്ധ്യസ്ഥനാണ്.

9. പ്രത്യേക കാരണമെന്നും കൂടാതെ ഈ ദാർഘാസ് റദ്ദുചെയുവാനോ മാറ്റി വയ്ക്കുവാനോ ഉള്ള അധികാരം ഫാം ഓഫീസർക്കണ്ടായിരിക്കും.ഏതെങ്കിലും കാരണവശാൽ ദർഘാസ് സംബന്ധിച്ച തിയതി അവധി ആകുന്ന പക്ഷം അതിനടുത്ത പ്രവർത്തി ദിവസം ഈ നിബന്ധനകൾക്ക് അനുസൃതമായി ഇടപാടുകൾ നടത്തുന്നതാണ്.

10. കൂടാതെ മറ്റു സർക്കാർ ദർഘാസുകൾക്കുള്ള നിയമങ്ങളും നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

11. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രം കുന്നന്നൂർ, പാലക്കാട് (0491 2572224)ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

12. വൈകിയെത്തുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

29/1/15

Assistant Director of Agriculture
State Seed Farm, Kunnannur
Chandranagar (PO), Palakkad
Pin-678 007

കി:നം വിസി 5187/15 തി 3.2.15 കൃ:ഡ:ഓ.

കൃഷി വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് IT സെല്ലിന് നൽകുന്നു.

ANITHA. A.R
Senior Agricultural Officer (VC)
Directorate of Agriculture
Vikas Bhavan Tvpm- 33

കൃഷി ഡയറക്ടർക്കു വേണ്ടി

To
IT Cell